(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഏതെല്ലാം ജോയിന്റ് ഡയറക്ടർമാർക്ക് എതിരെ പ്രസ്തുത വകുപ്പിലെ ഡയറക്ടർ അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്;

(ബി) ഏതു വിഷയത്തിലാണ് അച്ചടക്ക നടപടി ശുപാർശ ചെയ്തിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) നടപടി സംബന്ധിച്ചുള്ള നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. കെ.കെ. രാജൻ, ശ്രീ. എ.ജി. എബ്രഹാം എന്നീ ജോയിന്റ് ഡയറക്ടർമാരെ സംബന്ധിച്ച് 11.11.1997 ൽ അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) അച്ചടക്കമില്ലായ്മ, അനുസരണക്കേട്, കൃത്യവിലോപം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ എന്നീ കാര്യങ്ങളാണ് കത്തിൽ പരാമർശിച്ചിട്ടുള്ളത്.

(സി) ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 9.12.1997 ന് അദ്ദേഹത്തിന്റെ ആഫീസിൽ കൂടിയ മീറ്റിഗിലെ 4-ാം നമ്പർ തീരുമാനപ്രകാരം ജോയിന്റ് ഡയറക്ടർമാർക്കെതിരെയുള്ള എല്ലാത്തരം അച്ചടക്ക നടപടികളും അവസാനിച്ചിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. 7.1.99 ലെ കത്ത് നം 75818/എസ്റ്റാഡി 1/98/ധന പ്രകാരവും ജോയിന്റ് ഡയറക്ടർമാർക്കെതിരെയുള്ള നടപടികൾ അവസാനിച്ചതായി അറിയിച്ചിട്ടുണ്ട്.

(ഡി) ഉത്തരം (സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

39 (1080) ലോക്കൽ ഫണ്ട് ഓഡിറ്റിൻമേലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമമനുസരിച്ച് ഓഡിറ്റിൻമേലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അവ ഏതെല്ലാം തീയതികളിലാണെന്നും വ്യക്തമാക്കുമോ;

(സി) ഏറ്റവും ഒടുവിൽ സർക്കാരിന് നൽകിയ കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ ഏതെല്ലാം സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കുവാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിൽ വ്യവസ്ഥയുണ്ടോ;

(ഇ) എങ്കിൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ സഭ മുമ്പാകെ വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) രണ്ട് റിപ്പോർട്ടുകൾ 1998 ലെ റിപ്പോർട്ട് 19.9.1998 ലും 1999 ലെ റിപ്പോർട്ട് 16.11.1999 ലും സമർപ്പിക്കുകയുണ്ടായി.

(സി) ഏറ്റവും ഒടുവിൽ നൽകിയ കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ 1998-99 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 23 പ്രകാരം.

(ഇ) നടപടി സ്വീകരിച്ച് വരുന്നു.

40 (1081) കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ മാനേജിംഗ് ഡയറക്ടർ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ എന്തെങ്കിലും അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര മാനേജർമാരുടെ പേരിൽ ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവരുടെ പേരിലുള്ള അന്വേഷണ നടപടികൾ വിശദമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. യിൽ വിജിലൻസ് ഓഫീസർ ഉണ്ടോ;

(ഇ) സാധനങ്ങൾ വാങ്ങുന്നതും അച്ചടി ഉൾപ്പെടെ ഉള്ള ജോലികൾ ചെയ്യുന്നതും വാഹനങ്ങളുടെ വിൽപ്പനയും വാങ്ങലും എല്ലാം ആരുടെ ചുമതലയിലാണ് നടക്കുന്നത്; ഇതു സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. യിലെ 14 ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണങ്ങൾ വിവിധതലങ്ങളിൽ നടക്കുന്നുണ്ട്.

(ബി) നാല്

മാനേജർ - മൂന്ന്

അസിസ്റ്റന്റ് മാനേജർ - ഒന്ന്

(സി) 1) ഡൊമിനിക് ജോർജ്ജ്, അസിസ്റ്റന്റ് മാനേജർ, കാഞ്ഞിരപ്പള്ളി-വിജിലൻസ് ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തിവരുന്നു.

2) കെ.പി. കുര്യൻ, സീനിയർ മനേജർ, എറണാകുളം-കുറ്റപത്രം നൽകി അനന്തരനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly